**ആരോഗ്യവകുപ്പ് ഡയറക്ടറുടെ**
**നടപടിക്രമം തിരുവനന്തപുരം**

---

വിഷയം:- ആവഡ-ജീവനക്കാര്യം-പൊതുസ്ഥലംമാറ്റം 2026-ടെക്‌നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്2 തസ്തികയിലെ കരട് പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1.സ.ഉ(പി)നം.3/2017/ഉ.ഭ.പ.വ, തീയതി 25.2.2017
2.സ.ഉ(സാധാ) നം.1097/2026/അകുവ തീയതി 14.3.2026
3.സർക്കുലർ നം ഇ.എച്ച്1-31371/2025/ആവഡ തീയതി 13.4.2026
4.ജീവനക്കാർ സ്പാർക്ക് മുഖേന സമർപ്പിച്ച അപേക്ഷകൾ

**ഉത്തരവ് നം: ഇജി1-11081/2026/ആവഡ തീയതി:** 29-05-2026

---

മേൽ പരാമർശം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ 2026 ലെ പൊതുസ്ഥലം മാറ്റം നടപ്പിലാക്കുന്നതിനായി ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. എന്നാൽ അപ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്പാർക്ക് മുഖേന കരട് പട്ടിക ലഭ്യമായിട്ടില്ലാത്തതിനാലും ടി തസ്തികയിലെ ഉദ്യോഗസ്ഥർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ ടി ജീവനക്കാർ ആരും തന്നെ പരാമർശം 1,2,3 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലം മാറ്റ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അർഹരല്ല എന്ന നിഗമനത്തിലും ടി വിഷയത്തിലുള്ള തുടർനടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഇപ്രകാരമുള്ള ഉത്തരവിൻമേൽ എന്തെങ്കിലും പരാതി/ആക്ഷേപം ഉള്ളവർക്ക് ഹർജി തയ്യാറാക്കി സ്ഥാപനമേധാവി മുഖാന്തിരം അതാത് ജില്ലാമെഡിക്കൽ ഓഫീസർമാർക്ക് 2.6.2026 ന് വൈകുന്നേരം 5മണിയ്ക്ക് മുൻപായി നൽകേണ്ടതാണ്. ജില്ലാമെഡിക്കൽ ഓഫീസർമാർ ഹർജികൾ പരിശോധിച്ച് അഭിപ്രായക്കുറിപ്പ് സഹിതം 3.6.2026 ന് വൈകുന്നേരം മണിയ്ക്ക് മുൻപായി ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്കു ശേഷം ലഭിക്കുന്ന ഹർജികൾ

പരിഗണിക്കുന്നതല്ല.

ജില്ലാമെഡിക്കൽ ഓഫീസർമാർ യഥാസമയം ഹർജികൾ സമർപ്പിക്കാത്തത് കാരണം ഏതെങ്കിലും ഉദ്യോഗസ്ഥർ ഒഴിവാക്കപ്പെടുകയാണെങ്കിൽ ആയത് സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ജില്ലാമെഡിക്കൽ ഓഫീസർമാർക്കായിരിക്കും

Digitally signed by
Reena K J
Date: 29-05-2026
12:58:19

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

1.ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ്:-

1.എല്ലാ ജില്ലാമെഡിക്കൽ ഓഫീസർമാർക്കും
2.ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്കും
3.ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്
4.ഫയൽ/കരുതൽ ഫയൽ